**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 673** **17-09-2025 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തിന് കേന്ദ്രസർക്കാർ നൽകുന്ന സഹായം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. പി.പി. ചിത്തരഞ്ജൻ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കയർ വ്യവസായത്തിന് നൽകുന്ന കേന്ദ്രസർക്കാർ സഹായം മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ കുറവ് വന്നതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>കയർ വ്യവസായത്തിന് കേന്ദ്രസർക്കാർ സഹായമായ വിപണി വികസന സഹായ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും ലഭ്യമായിട്ടില്ല.</td></tr>
<tr><td>(ബി)</td><td>കയർ വികാസ് യോജന പദ്ധതിയിലൂടെ 2021 മുതൽ 2025 വരെ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട തുക ഇനം തിരിച്ച് ലഭ്യമാക്കാമോ;</td><td>(ബി)</td><td><table><tr><th>വർഷം</th><th>കേന്ദ്ര വിഹിതം ലഭിച്ചത് (₹)</th></tr><tr><td>2021-22</td><td>7,00,00,000/-</td></tr><tr><td>2022-23</td><td>36,42,889/-</td></tr><tr><td>2023-24</td><td>36,96,914/-</td></tr><tr><td>2024-25</td><td>ലഭിച്ചിട്ടില്ല.</td></tr></table></td></tr>
<tr><td>(സി)</td><td>2021 മുതൽ 2025 വരെ പി. എം. ഇ. ജി. പി. പദ്ധതി പ്രകാരം കയർ യൂണിറ്റുകൾക്കായി നീക്കിവെച്ച തുകയുടെ വിശദവിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?</td><td>(സി)</td><td>പി. എം. ഇ. ജി. പി. പദ്ധതിയുടെ നിർവഹണ ഏജൻസിയായ ഖാദിഗ്രാമ വ്യവസായ കമ്മിഷൻ, സംരംഭങ്ങളുടെ എണ്ണം, നൽകേണ്ട സബ്സിഡി തുക, സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എന്നീ ലക്ഷ്യങ്ങൾ സംസ്ഥാനതലത്തിൽ നിശ്ചയിച്ച് നൽകി വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വീതിച്ച് നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. പൂർണ്ണമായും കേന്ദ്ര വിഹിതത്തിൽ നടപ്പിലാക്കുന്ന പി.എം.ഇ.ജി.പി. പദ്ധതിയിൽ ഒരു വ്യവസായ മേഖലയ്ക്കും ഊന്നൽ നൽകി പ്രത്യേക തുക നീക്കി വയ്ക്കുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ